വാങ്ങാനുള്ള സംവിധാനവും ഉണ്ട്. കാലാകാലങ്ങളിൽ ഗുണമേൻമയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധന കൂടുതൽ ശക്തിപ്പെടുത്തുന്നു.കർശനമായ ഗുണനിലവാരം പാലിക്കുവാനും സപ്ലൈകോയുടെ ഗോഡൗണുകളും ഔട്ട്ലെറ്റുകളും ശുദ്ധമായും വൃത്തിയായും പരിപാലിക്കുവാനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സപ്ലൈകോയിൽ നിലവിലുള്ള ഈ ശക്തമായ ക്വാളിറ്റി സംവിധാനം മറ്റു പ്രൈവറ്റു സ്ഥാപനങ്ങളിലോ റീട്ടെയിൽ ശൃംഖലയിലോ, പൊതുമേഖലാ സ്ഥാപനങ്ങളിലോ നിലവിലില്ല.

റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങൾ

94(1351) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിമൂന്ന് ഇനം അവശ്യഭക്ഷ്യവസ്തുക്കൾ റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വസ്തുക്കൾ എത്ര രൂപ നിരക്കിലാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ജനവിഭാഗങ്ങൾക്കാണ് ഇപ്രകാരമുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പഞ്ചസാര, ചെറുപയർ, ഉഴുന്ന് (പിളർന്നത്), തുവരപ്പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, വെളിച്ചെണ്ണ എന്നീ സാധനങ്ങൾ അടങ്ങിയ കിറ്റാണ് വിതരണം നടത്താൻ ഉദ്ദേശിക്കുന്നത്. ഓരോ കിറ്റിന്റെയും വില 150 രൂപയാണ്. മറ്റ് അവശ്യവസ്തുക്കൾ ഉപഭോക്താവിന്റെ ആവശ്യമനുസരിച്ച് വാങ്ങാവുന്നതാണ്. സർക്കാർ സബ്സിഡി ഓരോ കിറ്റിനും പരമാവധി 165 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ ഉദ്ഘാടനം 14-2-2011-ൽ ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ആദ്യഘട്ടമെന്ന നിലയിൽ തെരഞ്ഞെടുത്ത 3000 റേഷൻ കടകളിൽ കൂടിയായിരിക്കും ഈ പദ്ധതി ആരംഭിക്കുന്നത്.

(ബി) പ്രസ്തുത റേഷൻ കടകളിലെ എല്ലാ കാർഡുടമകൾക്കും വിതരണം നടത്താനാണ് ഉദ്ദേശിക്കുന്നത്.

അവശ്യ സാധന നിയമ ഭേദഗതി

95(1352) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ബാധകമായ അവശ്യസാധന നിയമഭേദഗതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly